പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2813 — 10.07.2015 ൽ മറുപടിയ്ക്ക്

## കില-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹിദ് | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) കില-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | എ) ഉണ്ട്. പ്രാദേശിക ഭരണത്തെ അടിസ്ഥാനമാക്കി കോഴ്സുകൾ നടത്തുക. പ്രദേശിക ഭരണം, പ്രാദേശിക വികസനം എന്നീ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തുക, അതുവഴി പ്രാദേശിക ഭരണവും പ്രാദേശിക വികസനവും കൂടുതൽ ഗുണപരതയുള്ളതാക്കി മാറ്റുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പ്രവർത്തനത്തിനും ഇത് എത്ര മാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ; | ബി)<br>• ഇത്തരം പഠനങ്ങളും ഗവേഷണങ്ങളും പരിശീലന പരിപാടികളുടെ ഗുണ നിലവാരം ഉയർത്തും<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനും നയരൂപീകരണത്തിലും ഏറെ സ്വാധീനം ചെലുത്താൻ കഴിയും. |

| | | | |
|---|---|---|---|
| സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | സി) | 07.12.2012 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 329/2012/തസ്വഭവ പ്രകാരം ഒരു സ്പെഷ്യൽ ആഫീസറെ ഇതിനായി നിയമിച്ച് പ്രവർത്തനം ആരംഭിച്ചു. എന്നാൽ യു.ജി.സി.യുടെ നിർദ്ദേശം അനുസരിച്ച് 11.03.2014 ൽ ചേർന്ന കിലയുടെ ജനറൽ കൗൺസിൽ എടുത്ത തീരുമാന പ്രകാരം സംസ്ഥാന യൂണിവേഴ്സിറ്റി ആരംഭിച്ച് കോഴ്സുകൾ നടത്താൻ തീരുമാനിക്കുകയുണ്ടായി. 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 കോടി രൂപ ഇക്കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ